**പതിനാലാം കേരള നിയമസഭ**
**ഇരുപത്തിരണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.312 — 12.01.2021 ൽ മറുപടിക്ക്

## തലശ്ശേരി മണ്ഡലത്തിലെ ആരോഗ്യമേഖലയുടെ ഉന്നമനം

| ചോദ്യം<br>ശ്രീ എ.എൻ.ഷംസീർ: | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തലശ്ശേരി നിയോജകമണ്ഡലത്തിൽ ആരോഗ്യ മേഖലയുടെ ഉന്നമനത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം; ആയതിന് അനുവദിച്ചിട്ടുള്ള തുക സഹിതം വ്യക്തമാക്കാമോ; | (എ) | കുടുംബാരോഗ്യകേന്ദ്രങ്ങളായി പരിവർത്തനം ചെയ്ത സ്ഥാപനങ്ങളിൽ ആർദ്രം മാനദണ്ഡമനുസരിച്ച് ഡോക്ടർമാർ, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻഎന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ മൂന്നാംഘട്ടത്തിൽ പന്ന്യന്നൂർ പ്രാഥമികാരോഗ്യകേന്ദ്രത്തെ കുടുംബാരോഗ്യകേന്ദ്രമായി മാറ്റിയിട്ടുണ്ട് അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിശദവിവരങ്ങൾ അനുബന്ധത്തിൽ കാണാവുന്നതാണ്. |
| (ബി) | ആയതിൽ ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തിയാക്കാനുള്ളതെന്നും;<br>പൂർത്തീകരണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുള്ളതെന്നും വ്യക്തമാക്കാമോ? | (ബി) | 1) തലശ്ശേരി ജനറൽ ആശുപത്രിയിലെ ഒഫ്താൽമിക് ഇൻസ്റ്റിറ്റ്യൂട്ട്- ഡി.പി.ആർ നിർമ്മാണം പുരോഗമിക്കുന്നു.<br>2) കുടുംബാരോഗ്യകേന്ദ്രം ചൊക്ലി: ലിന്റൽ നിർമ്മാണം വരെ പൂർത്തിയായിട്ടുണ്ട്<br>3) കുടുംബാരോഗ്യകേന്ദ്രം എരഞ്ഞോളി: എം.എൽ.എ ഫണ്ടുപയോഗിച്ചുള്ള നിർമ്മാണ അനുമതി പരിശോധിച്ച് വരുന്നു<br>4) കുടുംബാരോഗ്യകേന്ദ്രം കൊടിയേരി: എംപി ഫണ്ടുപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.<br>5) തലശ്ശേരി W&C ആശുപത്രിക്കായുള്ള കെട്ടിട നിർമ്മാണത്തിന്റെ ഭരണാനുമതി നൽകുകയും കിഫ്ബിയുടെ അനുമതിക്കായുള്ള നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു. |

Hari

സെക്ഷൻ ഓഫീസർ